## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 15.06.2012-ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നം. 1357

# മുസ്ലീം വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്

**ചോദ്യം**

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് മുസ്ലീം ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ പുരോഗതിക്കായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(എ) ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന മുസ്ലീം കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി പ്രീ മെട്രിക്, പോസ്റ്റ് മെട്രിക്, മെറിറ്റ് കം മീൻസ് എന്നീ സ്കോളർഷിപ്പുകൾ ഇപ്പോൾ പ്രധാനമായി നൽകി വരുന്നു.

(ബി) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ നൽകിവരുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാം കോഴ്സുകൾക്കാണെന്നും എത്ര തുക വീതമാണ് നൽകുന്നതെന്നും വിശദമാക്കുമോ;

(ബി) **സി.എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ്**

| കോഴ്സ് | സ്കോളർഷിപ്പുകളുടെ എണ്ണം | അനുവദിക്കുന്ന പ്രതിവർഷ തുക |
|---|---|---|
| ബിരുദം | 3000 | 4,000/- രൂപ |
| ബിരുദാനന്തര ബിരുദം | 1000 | 5,000/ രൂപ |
| പ്രൊഫഷണൽ കോഴ്സ് | 1000 | 6,000/ രൂപ |

**ഹോസ്റ്റൽ സ്റ്റൈപ്പന്റ് (2000 പേർക്ക്)**

കോഴ്സ് വ്യത്യാസമില്ലാതെ പ്രതിമാസം 1200/- രൂപ നിരക്കിൽ പ്രതിവർഷം പരമാവധി 12,000/- രൂപ.

(സി) പ്രസ്തുത സ്കോളർഷിപ്പുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഓൺലൈൻ മുഖാന്തിരമാണ് എല്ലാ സ്കോളർഷിപ്പുകളും നടപ്പിലാക്കുന്നത്. ഇതിനായി വിദ്യാർത്ഥികൾ www.dcesholarship.kerala.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈൻ വഴി അപേക്ഷകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയതിനുശേഷം വിദ്യാർത്ഥികൾ Registration printout ഉം മറ്റ് അനുബന്ധ രേഖകളും അതാത് കോളേജിൽ സമർപ്പിക്കേണ്ടതും കോളേജ് അധികാരികൾ അപേക്ഷ

ഓൺലൈൻ മുഖാന്തിരം വെരിഫിക്കേഷനും അപ്രൂവലും നിശ്ചിത തീയതിയ്ക്കകം ചെയ്യേണ്ടതുമാണ്.

| | |
|---|---|
| (ഡി) മറ്റ് വകുപ്പുകൾ വഴി ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പത്താം ക്ലാസിനു മുകളിൽ പി.എച്ച്.ഡി വരെയുള്ള കുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രൊഫഷണൽ വിദ്യാർത്ഥികൾക്കായുള്ള മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് തുടങ്ങിയവ നൽകി വരുന്നു. |
| (ഇ) പ്രസ്തുത വിഭാഗത്തിന് വിവിധ വകുപ്പുകൾ മുഖേന നൽകി വരുന്ന ആനുകൂല്യങ്ങൾ ഒരൊറ്റ വകുപ്പിന് കീഴിൽ കൊണ്ടുവരുന്നതിനും ഇതു സംബന്ധിച്ച നടപടി ക്രമങ്ങൾ സുതാര്യമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഇ) ന്യൂനപക്ഷങ്ങളുടെ നിലവിലുള്ള ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനും അത്തരം മേഖലയിലെ സ്ഥാപനങ്ങളും വിഷയങ്ങളും ഭരണ ചുമതലകളും പരിപാടികളുടെ നിർവ്വഹണ ചുമതലകളും ന്യൂനപക്ഷ വകുപ്പിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ചു സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ.